# ചാലിയാറിന്റെ തീരങ്ങളിലൂടെ

തയ്യാറാക്കിയത് : *അബ്ദുൾ ജലീൽ.കെ M.Sc രണ്ടാം വർഷം സുവോളജി*
*അബ്ദുൾ റഷീദ്.കെ M.Sc ഒന്നാം വർഷം സുവോളജി*
(സുവോളജി അസോസിയേഷൻ- 1995-96)

"ഗാന്ധിജി പറയുകയുണ്ടായി. ഭൂമിയിലെ വിഭവങ്ങൾ എല്ലാം തന്നെ മനുഷ്യന്റെ ആവശ്യങ്ങൾക്ക് മതിയാവുന്നതാണ്. പക്ഷേ, അവന്റെ അത്യാഗ്രഹത്തിന് അത് തികയില്ലെന്ന് മാത്രം" കോടാനുകോടി ചരാചരങ്ങളാൽ സൃഷ്ടിതമായ ഈ ഭൂമിയുടെ നിലനില്പ് തന്നെ അവ തമ്മിലുള്ള പരസ്പര ബന്ധങ്ങളിലധിഷ്ഠിതമായ ഒരു സന്തുലനാവസ്ഥയുടെ ആകെ തുകയാണ്. അതി സങ്കീർണ്ണവും അതേ സമയം ദുർബലവുമായ ശൃംഖലകളാൽ നിർമ്മിതമാണ് ഭൂമി എന്ന ആവാസവ്യവസ്ഥ (Eco system). ഈ ശ്രേണിയിൽ എവിടെയെങ്കിലും സംഭവിക്കുന്ന വ്യതിയാനം പ്രകൃതിയുടെ നിലനില്പിനു തന്നെ ഭീഷണിയാകും. ചുരുക്കത്തിൽ ഭൂമിയിൽ വസിക്കുന്ന ഏതൊരു ജീവിക്കും ഒറ്റക്ക് നിലനില്പില്ല. മനുഷ്യരുടെ ചെയ്തികൾ മൂലം ഈ ശ്രൃംഖലയിലെ കണ്ണികൾ പലതും അറ്റുപോകാറുണ്ട്. അങ്ങിനെ സംഭവിക്കുന്നതുകൊണ്ട് ജൈവസമൂഹത്തിന്റെ ജീവിതതാളം പടിപടിയായി തെറ്റുകയും അവസാനം മനുഷ്യന് തന്നെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.



ആവശ്യങ്ങൾക്കും അത്യാവശ്യങ്ങൾക്കും അതീതമായി ആഡംബരപൂർണ്ണമായ ജീവിതം തേടിയുള്ള പരക്കം പാച്ചിലിനിടയിൽ നമുക്ക് നഷ്ടമാകുന്നത് നമ്മെ തന്നെയാണ്. നമ്മുടെ പരിസ്ഥിതി മലിനീകരിക്കപ്പെടുമ്പോൾ സംഭവിക്കുന്നതും ഇതു തന്നെയാണ്. ഒരു പ്രദേശത്തിന്റെ ആഭിവൃദ്ധിയിൽ നദികളുടെ പങ്ക് ഒഴിച്ചു കൂടാനാവാത്തതാണ്. ശുദ്ധജലാവശ്യത്തിനും കൃഷിക്കും ജലസേചനത്തിനും മത്സ്യബന്ധനത്തിനും ഉപയോഗ്യമായ നദി വിഷലിപ്തമാക്കപ്പെടുമ്പോൾ അതിന്റെ ദുരിതങ്ങളും കഷ്ടതകളും അനുഭവിച്ചുതീർക്കേണ്ടത് തദ്ദേശവാസികളും അവിടുത്തെ ജീവജാലങ്ങളുമാണ്. നിലമ്പൂരിലെ എളംവരാലിമലയിൽ നിന്ന് ഉത്ഭവിക്കുന്ന ചാലിയാർ ബേപ്പൂർ വെച്ചാണ് അറബിക്കടലുമായി സംഗമിക്കുന്നത്. കൊടും വേനലിൽ പോലും വറ്റാതെ തെളിനീരുള്ളതും കേരളത്തിലേറ്റവും നീളം കൂടിയ നദികളിലൊന്നുമായ ചാലിയാർ ഇന്ന് ഒരു കാലാപാനിയാണ്

മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറി പുറത്തുവിടുന്ന വിഷദ്രാവകങ്ങളും വാതകങ്ങളുമേറ്റ് ചുറ്റുപാടുള്ള എട്ടോളം പഞ്ചായത്തുകളിലെ രണ്ടു ലക്ഷത്തിലധികം വരുന്ന ജനങ്ങൾ പൊറുതിമുട്ടുകയാണ്. മറ്റു പ്രദേശങ്ങളിൽ നിന്നും വിഭിന്നമായി അസ്തമയുടേയും അർബുദത്തിന്റേയും മറ്റ് ശ്വാസകോശ രോഗങ്ങളുടേയും

നിരക്കവിടെ വളരെ കൂടുതലാണ്. ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന വിഷവസ്തുക്കളായ ലെഡ്, ക്കഡ്മിയം, പോലുള്ള രാസപദാർത്ഥങ്ങൾ നിക്ഷേപിക്കുന്നുത് ഗവൺമെന്റ് നിയമപ്രകാരമുള്ള പ്രത്യേക സംഭരണികളിലോ സെല്ലുകളിലോ അല്ല. മറിച്ച്, അവ നേരിട്ട് ചാലിയാറിലേക്ക് ഒഴുക്കികളയുന്നു. ഫലമോ, കറുത്ത ദുർഗന്ധം വമിക്കുന്ന വിഷദ്രാവകം നദീജലം മലീമസമാക്കുകയും മത്സ്യങ്ങൾ ചത്തുപൊങ്ങുകയും കക്കകളും മറ്റുള്ള ജല ജീവികളും അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

റയോൺസ് ഫാക്ടറിക്ക് എതിർവശം ചാലിയാർ തീരത്ത് സ്ഥിതിചെയ്യുന്ന പ്രകൃതി രമണീയമായ ഒരു ഗ്രാമമാണ് വാഴക്കാട് - ഫാക്ടറിയുടെ പുകക്കുഴൽ പുറന്തള്ളുന്ന ഹൈഡ്രജൻ സൾഫൈഡും ($H_2S$) സൾഫർ ഡയോക്സൈഡും ($SO_2$) നൈട്രജൻ ഡോയോക്സൈഡും ($(N)_2$) ചേർന്ന വിഷമവാതക്കിന്റെ മനം പിരട്ടുന്ന രൂക്ഷഗന്ധം അവിടെ എത്തിപ്പെടുന്ന ഏതൊരാൾക്കും തിരിച്ചറിയാൻ കഴിയും. ഈ വാതകങ്ങൾ ഖനീഭവിച്ച് വരും കാലങ്ങളിൽ വാഴക്കാടിന്റെ മണ്ണിലേക്ക് അമ്ലമഴ ( Acid rain) ആയിപെയ്തേക്കാം. തളിർക്കാത്ത ചെടികളും വിരിയാൻ കഴിയാത്ത മുട്ടകളും ചത്തൊടുങ്ങുന്ന പക്ഷികളും നിറംമങ്ങിപ്പോവുന്ന കെട്ടിടങ്ങളും വാഴക്കാടിന്റെ അന്തരീക്ഷത്തിലെ ഭീകരതയാണ് തുറന്നു കാട്ടുന്നത്. ആസ്തമയുടേയും ക്ഷയത്തിന്റെയും നിരക്കിവിടെ വർദ്ധിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. മാറാരോഗങ്ങളുടെ കിരാതഹസ്തങ്ങളിൽ ഞെരിഞ്ഞമരുന്ന വാഴക്കാടും പരിസരപ്രദേശങ്ങളും വ്യവസായ മലിനീകരണത്തിന്റെ ജീവിക്കുന്ന രക്തസാക്ഷികളായി മാറിയിരിക്കുന്നു. ഞങ്ങൾ നടത്തിയ സർവ്വേയുടെ ഫലങ്ങളും വിരൽ ചൂണ്ടുന്നതും മറ്റൊന്നല്ല. നൂറാളിൽ മൂന്ന് പേരെന്ന സംസ്ഥാന ശരാശരിയെ കടത്തിവെട്ടിക്കൊണ്ട്, നൂറാളിൽ പത്തുപേർക്ക് അർബുദം എന്ന 'ബഹുമതി' വാഴക്കാടിനു മാത്രം അവകാശപ്പെട്ടതാണ്. ആസ്തമയുടെ പ്രഥമലക്ഷണങ്ങൾ കാണിക്കാത്തവരെ ഇവിടെ മഷിയിട്ടു നോക്കിയാൽ പോലും കാണാൻ പറ്റാത്ത ദുരവസ്ഥയാണ്.

***1995 നവബർ, ഡിസംബർ മാസങ്ങളിൽ സുവോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ ഡോ. ഇ. എ. അബ്ദുൾ ഷുക്കൂറിന്റെ നേതൃത്വത്തിൽ പരിസരമലിനീകരണത്തിന്റെ ദുരിതഫലങ്ങളെ ക്കുറിച്ച് പഠിക്കാൻ മാവൂർ ഗ്വാളിയൂർ റയോൺസ് ഫാക്ടറിക്ക് എതിർവശം ചാലിയാർ തീരത്ത് സ്ഥിതി ചെയ്യുന്ന വാഴക്കാടെന്ന പ്രകൃതി രമണീയമായ ഗ്രാമത്തിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ട് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ ആസ്തമാ, അർബുദം മറ്റു ശ്വാസകോശരോഗങ്ങൾ എന്നിവയുടെ നിരക്ക് വളരെ കൂടുതലാണ് എന്ന കാണിക്കുന്നു.***

***സർവ്വെ നടത്തിയ വീടുകളുടെ എണ്ണം : 50***
***ആകെ അംഗങ്ങൾ : 276***
***അർബ്ബുദരോഗികൾ : 18 (6.52%)***
***ആസ്തമ രോഗികൾ : 28 (10.1%)***
***മറ്റു ശ്വാസകോശരോഗികൾ : 31 (11.2%)***
***ത്വക്ക് രോഗികൾ : 24 (8.7%)***

ഒരു നാടിന്റെ വികസനത്തിനും സാമ്പത്തിക പുരോഗതിക്കും ഒരു ഫാക്ടറിയുടെ സംഭാവന വളരെ വലുതാണ്. തൊഴിലില്ലായ്മയുടെയും, ജനസംഖ്യാവർദ്ധനവിന്റെയും ദാരിദ്ര്യത്തിന്റേയും നീർചുഴിയിൽ പെട്ടുഴലുന്ന, കേരളം പോലുള്ള സംസ്ഥാനത്ത് പ്രത്യേകിച്ചും, വ്യവസായങ്ങളുടെ പങ്ക് നിസ്തുലമാണ്. ഒട്ടേറെ പേർക്ക് തൊഴിൽ നൽകുകയും ഭൂരിഭാഗം ജനങ്ങളുടേയും ജീവിതോപാധികയുമായ മാവൂർ ഗ്വാളിയോർ റയോൺസ് നിലനിൽക്കേണ്ടത് കാല്ത്തിന്റെ ആവശ്യമാണ്. ഈ ഫാക്ടറി അടച്ചുപൂട്ടിയാൽ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്ന ആഘാതം ഊഹിക്കാവുന്നതേയുള്ളൂ.

ഒട്ടേറെ പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്ന ഫാക്ടറിയിലെ വിഷാവശിഷ്ടങ്ങൾ നിരുപദ്രവകാരികളാക്കാൻ വേണ്ടിയുള്ള നിയന്ത്രണോപാധികൾ കൈക്കൊള്ളാത്ത കാലത്തോളം മാവൂരും, ചാലിയാറിന്റെയും പരിസരപ്രദേശങ്ങളിലേയും അനാരോഗ്യാവസ്ഥക്ക് ഒരു പരിഹാരമുണ്ടാവുകയില്ല! ബയോജളിക്കൽ വേസ്റ്റ് മാനേജ്മെന്റ്, ഓക്സിഡേഷൻ പോണ്ട് മുതലായ ആധുനികോപാധികൾ സ്വീകരിക്കുവാൻ കമ്പനി മുന്നോട്ടു വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഇപ്പോൾ കമ്പനി കൈക്കൊള്ളുന്ന നിയന്ത്രണോപാധികൾ ഒന്നും തന്നെ ഫലവത്തല്ല എന്നാണ് വാഴക്കാടിലെ ജനജീവിതം സൂചിപ്പിക്കുന്നത്. ഈ പ്രശ്നത്തിന്റെ രൂക്ഷത തുറന്ന് കാണിക്കുന്നതിനുവേണ്ടിയാണ് സുവോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ സുവോളജി അസോസിയേഷന്റെ നേതൃത്വത്തിൽ മരിക്കുന്ന ചാലിയാർ മരിക്കുന്ന ജനത' എന്ന വിഷയത്തെ ആസ്പദമാക്കി, പരിസ്ഥിതി പ്രവർത്തകരെ അണിനിരത്തി ഒരു സെമിനാർ സംഘടിപ്പിച്ചത്.

ഈ റിപ്പോർട്ടിന്റെ അനന്തര ഫലമെന്നോണം വരും കാലങ്ങളിൽ ഇതിനെതിരെ പ്രതികരിക്കാൻ കഴിവുള്ള ഒരു വിദ്യാർത്ഥി സമൂഹം ഉണർന്നു വരുമെന്നും ചാലിയാറിന്റെ ദുരിതങ്ങൾക്ക് വിരാമമിടുമെന്നും നമുക്ക് പ്രത്യാശിക്കാം.

***"കത്തിയെരിയുമീ ഗ്രീഷ്മത്തിനപ്പുറം***
***പൂക്കാലമുണ്ടായിരിക്കാം..."***